**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453** **14-03-2022 - ൽ മറുപടിയ്ക്ക്**

**ദുരന്തനിവാരണ സാക്ഷരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേരളത്തിൽ ദുരന്തനിവാരണ സാക്ഷരത വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | വളരെ വിപുലമായ ബോധവത്കരണ പരിപാടികളാണ് ദുരന്ത നിവാരണ- ലഘൂകരണ സാക്ഷരതയുടെ കീഴിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. 'സജ്ജം' എന്ന ഈ പദ്ധതിയിൽ, വർദ്ധിച്ച് വരുന്ന ദുരന്ത സാഹചര്യങ്ങളെ മനസിലാക്കി സംസ്ഥാനത്തിലെ ഓരോ കുടുംബത്തിലും ദുരന്ത നിവാരണ സാക്ഷരത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, നിലവിലുള്ള സന്നദ്ധ പ്രവർത്തനങ്ങളുമായി ചേർന്ന് കൊണ്ട് ദുരന്ത നിവാരണ മേഖല ശാക്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദുരന്ത പൂർവ്വ - ദുരന്ത സമയം - ദുരന്താനന്തരം എന്നീ മൂന്ന് സമയങ്ങളിൽ എങ്ങനെ തയ്യാറെടുക്കണം എന്നുള്ള പരിശീലനങ്ങളാണ് നൽകുന്നത്. വിവിധ വകുപ്പുകളുമായി ഏകോപിച്ചിട്ടുള്ള പ്രവർത്തനം ആണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൊതു ജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനായി ലഘുലേഖകളും നോട്ടീസുകളും വിതരണം ചെയ്യും. വിദ്യാർത്ഥികളിൽ ദുരന്ത നിവാരണത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കും. സാമൂഹിക സന്നദ്ധ സേനകളുടേയും വോളണ്ടിയർമാരുടേയും സേവനം പരമാവധി ഉപയോഗിച്ചും സാധാരണ ജനങ്ങളുടെ ഇടയിൽ ദുരന്ത നിവാരണ സാക്ഷരത വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ